**15 -ാം കേരള നിയമസഭ**

**11 -ാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 560** **11-07-2024 - ൽ മറുപടിയ്ക്ക്**

**ഇക്കോ ടൂറിസം വ്യാപിപ്പിക്കാൻ നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. കെ.പി.മോഹനൻ,<br>ശ്രീ തോമസ് കെ തോമസ്,<br>ശ്രീ കോവൂർ കുഞ്ഞുമോൻ,<br>ശ്രീ മാത്യു ടി. തോമസ്** | | **ശ്രീ. പി.എ.മുഹമ്മദ് റിയാസ്<br>(പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി)** | |
| (എ) | സംസ്ഥാനത്ത് ഇക്കോടൂറിസം വ്യാപിപ്പിക്കാൻ എന്തൊക്കെ നടപടികൾ സ്വീകരിക്കുമെന്ന് വ്യക്തമാക്കുമോ; | (എ) | വനങ്ങളുടെ അപൂർവതകൾ സഞ്ചാരികൾക്ക് അടുത്തറിയാനും വനാശ്രിത സമൂഹത്തിന്റെ ജീവിത നിലവാരം മെച്ചപ്പെടുത്താനും ലക്ഷ്യമിട്ടാണ സംസ്ഥാനത്ത് ഇക്കോടൂറിസം പദ്ധതികൾ ആവിഷ്കരിച്ച് നടപ്പാക്കി വരുന്നത്. വനം, വന്യജീവി വകുപ്പിന്റെ നേതൃത്വത്തിലാണ ഭൂരിഭാഗം ഇക്കോടൂറിസം പദ്ധതികളും നടപ്പിലാക്കുന്നത്. ടൂറിസം വകുപ്പും ഇക്കോടൂറിസം പദ്ധതികൾ നടപ്പിലാക്കുന്നുണ്ട്. പങ്കാളിത്ത വനപരിപാലനത്തിന്റെ ഭാഗമായി തദ്ദേശീയരായ വനാശ്രിതരെ കൂടി സഹകരിപ്പിച്ചാണ വനം, വന്യജീവി വകുപ്പിന്റെ ഇക്കോടൂറിസം പദ്ധതികൾ നടപ്പാക്കുന്നത്. പ്രകൃതി പഠനം, ജൈവവൈവിധ്യ സംരക്ഷണം, വനാശ്രിതരുടെ ജീവനോപാധി മെച്ചപ്പെടുത്തൽ എന്നിവയാണ് ഇക്കോടൂറിസത്തിന്റെ പ്രധാന ലക്ഷ്യങ്ങൾ. വിനോദ സഞ്ചാര വകുപ്പിനു കീഴിലുള്ള തെന്മലയടക്കം സംസ്ഥാനത്ത് നിലവിൽ 72 ഇക്കോടൂറിസം കേന്ദ്രങ്ങൾ പ്രവർത്തിക്കുന്നുണ്ട്. തദ്ദേശീയരായ വനാശ്രിതർ അംഗങ്ങൾ ആയ വന സംരക്ഷണ സമിതികൾ (VSS)/ഇക്കോ ഡവലപ്മെന്റ് കമ്മറ്റികൾക്ക് (EDC) ആണ വനം, വന്യജീവി വകുപ്പിന്റെ ഇക്കോടൂറിസം പദ്ധതികളുടെ ചുമതല.തെന്മല ഇക്കോടൂറിസം കേന്ദ്രത്തിലും വനവകുപ്പിന്റെ ഇക്കോടൂറിസം കേന്ദ്രങ്ങളിലും വെബ് സൈറ്റ് മുഖേന ഓൺലൈൻ ടിക്കറ്റ് ബുക്കിങ് സൗകര്യവും ഏർപ്പെടുത്തിയിട്ടുണ്ട്.<br><br>വിനോദ സഞ്ചാര വകുപ്പിന്റെ ഭാഗമായ ഇക്കോടൂറിസം വിഭാഗം നടപ്പ് സാമ്പത്തിക വർഷം ആകെ 1.90 കോടി രൂപ ചെലവ് പ്രതീക്ഷിക്കുന്ന പദ്ധതികളാണ് ആവിഷ്കരിച്ച് നടപ്പാക്കാൻ |

| | | | |
|---|---|---|---|
| | | | തയ്യാറെടുക്കുന്നത്. നിലവിൽ പരിഗണനയിലുള്ള പദ്ധതികൾ ഇവയാണ്:<br><br>1. കൊല്ലം ജില്ലയിലെ തെന്മല ഇക്കോട്ടൂറിസം കേന്ദ്രത്തിലെ ടെന്റുകളുടെ നവീകരണം (21.85 ലക്ഷം രൂപ)<br><br>2. കൊല്ലം ജില്ലയിലെ തെന്മല ഇക്കോട്ടൂറിസം കേന്ദ്രത്തിൽ 7ഡി തിയറ്റർ സ്ഥാപിക്കാൻ (26.15 ലക്ഷം രൂപ)<br><br>3. വനം, വന്യജീവി വകുപ്പിനു കീഴിലെ ഇടുക്കി വൈൽഡ് ലൈഫ് ഡിവിഷനിൽ ആസ്തി വികസനം (8 ലക്ഷം രൂപ)<br><br>4. പെരിയാർ ടൈഗർ റിസർവിലെ ബാംബൂ ഹട്ടുകളുടെ പുനഃരുദ്ധാരണം (10 ലക്ഷം രൂപ)<br><br>5. പെരിയാർ ടൈഗർ റിസർവിലെ EDC അംഗങ്ങൾക്കും ഗൈഡുകൾക്കും പരിശീലനം (8 ലക്ഷം രൂപ)<br><br>ഇതിനോടകം ഭരണാനുമതി ലഭിച്ച വിവിധ പദ്ധതികളുടെ പ്രവർത്തനങ്ങളും നിലവിൽ പുരോഗമിക്കുന്നുണ്ട്. |
| (ബി) | ഇക്കോട്ടൂറിസം മേഖലയിൽ ആവശ്യത്തിന് സുരക്ഷാ ജീവനക്കാരെ നിയമിക്കുന്നതിനും പ്രദേശം വൃത്തിയോടെ കാത്ത് പരിപാലിക്കുന്നതിനും ആവശ്യമായ നടപടികൾ സ്വീകരിക്കുമോ; എങ്കിൽ വിശദാംശം ലഭ്യമാക്കുമോ? | (ബി) | ഇക്കോട്ടൂറിസം മേഖലയിൽ ആവശ്യമായ സുരക്ഷാ ജീവനക്കാരെ നിയമിക്കാനും പ്രദേശം വൃത്തിയോടെ പരിപാലിക്കാനുമുള്ള നടപടികൾ സ്വീകരിക്കുന്നുണ്ട്. ഇക്കോട്ടൂറിസം മേഖലയിൽ സുരക്ഷ ഉറപ്പാക്കാൻ വിവിധ സർക്കാർ ഏജൻസികൾ മുഖേന സേഫ്റ്റി & സെക്യൂരിറ്റി ഓഡിറ്റ് നടത്താനുള്ള ശുപാർശ പരിഗണനയിലാണ്.<br><br>വിനോദ സഞ്ചാര വകുപ്പിനു കീഴിലെ തെന്മല ഇക്കോട്ടൂറിസം പ്രമോഷൻ സൊസൈറ്റിയിൽ ആവശ്യത്തിനു സുരക്ഷാ ജീവനക്കാരെയും മറ്റു സേവനങ്ങൾക്ക് ആവശ്യമായ ജീവനക്കാരെയും നിയമിച്ചിട്ടുണ്ട്.<br><br>ഇക്കോട്ടൂറിസം കേന്ദ്രങ്ങളിലും ശുചിത്വം, പരിസ്ഥിതി സംരക്ഷണം എന്നിവ ഉറപ്പു വരുത്താനുള്ള നടപടികൾ സ്വീകരിക്കുന്നു. |

സെക്ഷൻ ഓഫീസർ